# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം
# തിരുവനന്തപുരം

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- പൊതുസ്ഥലംമാറ്റം 2018- പുനർ നിയമന -ഭേദഗതി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. ഉത്തരവ് നം.ഇ.എ1-46300/18/ആ.വ.ഡ തീയതി 07.06.2018
2. ഉത്തരവ് നം.ഇ.എ1-46300/18/ആ.വ.ഡ തീയതി 28.06.2018
3. കത്ത് നം.എ1-6822/18/ജി.മെ.ആ എറണാകുളം തീയതി 30.06.2018

**ഉത്തരവ് നം. ഇ.എ1-46300/18/ആ.വ.ഡ തീയതി 04.07.2018**

എറണാകുളം ജനറൽ ആശുപത്രിയിലെ ഓർത്തോ വിഭാഗം ജൂനിയർ കൺസൽട്ടന്റ് ഡോ. വിവേക് മാത്യു 2018 ലെ പൊതുസ്ഥലംമാറ്റത്തിൽ കോട്ടയം ജനറൽ ആശുപത്രി, കോട്ടയം പാല ജനറൽ ആശുപത്രി, കോട്ടയം ചങ്ങനാശ്ശേരി ജനറൽ ആശുപത്രി, തിരുവനന്തപുരം ജനറൽ ആശുപത്രി, എറണാകുളം ആലുവ ജില്ലാ ആശുപത്രി, തിരുവനന്തപുരം പേരൂർക്കട ജില്ലാ മാതൃകാ ആശുപത്രി എന്നീ സ്ഥാനക്രമത്തിൽ സ്ഥലം മാറ്റത്തിന് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ടിയാന്റെ പേര് പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ച 2018 ലെ കരട് സ്ഥലംമാറ്റ പട്ടികയിൽ ഉൾപ്പെട്ടിരുന്നില്ല. പരാമർശം (2) പ്രകാരം പ്രസിദ്ധീകരിച്ച അന്തിമ സ്ഥലംമാറ്റ ഉത്തരവിൽ ഡോ. വിവേക് മാത്യു സ്ഥലംമാറ്റ അപേക്ഷയിൽ ആവശ്യപ്പെടാത്ത എറണാകുളം പിറവം താലൂക്ക് ആശുപത്രിയിലേക്ക് മാറ്റിയിരുന്നു.

പരാമർശം (3) പ്രകാരം, ടിയാൻ ആവശ്യപ്പെടാത്ത സ്ഥാപനത്തിലേക്ക് സ്ഥലം മാറ്റിയ ഉത്തരവ് പുനഃപരിശോധിച്ച് സ്ഥലംമാറ്റം ആവശ്യപ്പെട്ട ഒന്നാമത്തെ സ്ഥാപനമായ കോട്ടയം ജനറൽ ആശുപത്രിയിലേക്ക് പുനർ നിയമനം നൽകി ഉത്തരവാകണമെന്ന് അപേക്ഷിച്ചിരിക്കുന്നു.

കോട്ടയം പാല ജനറൽ ആശുപത്രിയിൽ മൂന്നു വർഷ സേവനം പൂർത്തിയാക്കിയ ഓർത്തോ വിഭാഗം ജൂനിയർ കൺസൽട്ടന്റ് ഡോ. അനീഷ് വർഗീസ് 2018 ലെ പൊതുസ്ഥലംമാറ്റത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും സ്ഥലം മാറ്റം ആവശ്യപ്പെട്ടിരുന്നില്ല. എന്നാൽ ഭരണപരമായ കാരണങ്ങളാൽ സ്ഥലംമാറ്റുകയാണെങ്കിൽ, കോട്ടയം ജനറൽ ആശുപത്രി, കോട്ടയം കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രി, ഇടുക്കി തൊടുപുഴ ജില്ലാ

ആശുപത്രി, കോട്ടയം പാമ്പാടി താലൂക്ക് ആശുപത്രി എന്നീ സ്ഥാനക്രമത്തിൽ നിയമിക്കണമെന്ന് അപേക്ഷിച്ചിരുന്നു.

ഡോ. വിവേക് മാത്യുവിന്റെ അപേക്ഷ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, നിലവിൽ ജോലി നോക്കുന്ന സ്ഥാപനത്തിലെ സീനിയോറിറ്റി ഡോ. അനീഷ് വർഗീസിനെക്കാളും ഡോ. വിവേക് മാത്യുവിന് ആയതിനാലും ഡോ. വിവേക് മാത്യു സ്ഥലം മാറ്റം ആവശ്യപ്പെട്ട ഒന്നാമത്തെ സ്ഥാപനം കോട്ടയം ജനറൽ ആശുപത്രി ആയതിനാലും, ഡോ. വിവേക് മാത്യുവിന്റെ അപേക്ഷ പരിഗണിക്കേണ്ടതാണ്.

മേൽ സാഹചര്യത്തിൽ, കോട്ടയം ജനറൽ ആശുപത്രിയിലേക്ക് നിയമിച്ച ഡോ. അനീഷ് വർഗീസിനെ ഇടുക്കി തൊടുപുഴ ജില്ലാ ആശുപത്രിയിലേക്ക് സ്ഥലം മാറ്റിയും എറണാകുളം ജനറൽ ആശുപത്രിയിലെ ഡോ. വിവേക് മാത്യുവിനെ കോട്ടയം ജനറൽ ആശുപത്രിയലേക്ക് പുനർ നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു. ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് ജീവനക്കാരനും സ്ഥാപന മേധാവികൾക്കും ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.

പരാമർശം (1) ലെ ഉത്തരവ് ഇപ്രകാരം ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

**ഒപ്പ്**
**ഡോ. സരിത.ആർ.എൽ**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

ഡോ. വിവേക് മാത്യു, ജൂനിയർ കൺസൾട്ടന്റ് (ഓർത്തോ)

പകർപ്പ്:

1. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), എറണാകുളം/ കോട്ടയം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
3. ഡോ. അനീഷ് വർഗീസ്, ജൂനിയർ കൺസൾട്ടന്റ് (ഓർത്തോ), ജനറൽ ആശുപത്രി, കോട്ടയം
4. ഫയൽ/ കരുതൽ ഫയൽ.

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**